# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3913 — 18/10/2011 -ൽ മറുപടിക്ക്

## സ്കൂൾ വിദ്യാർത്ഥികൾക്ക് അപകട ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് അപകട ഇൻഷ്വറൻസ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് അവസാനമായി ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) വിദ്യാർത്ഥികൾക്ക് അപകടമരണം സംഭവിച്ചാൽ ലഭിക്കുന്ന ഇൻഷ്വറൻസ് തുക എത്രയാണ് ; | (ബി) 10,000/- രൂപ. |
| (സി) അത് ലഭിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (സി) അപകട ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുള്ള അപേക്ഷ ഹെഡ്മാസ്റ്റർ, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ ശുപാർശയോടെ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലാണ് സമർപ്പിക്കേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ് അപേക്ഷ പരിശോധിച്ച് ക്ലെയിം അനുവദിച്ച് തുക നൽകുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി 14/8/2011 മുതൽ ഒരു വർഷത്തേയ്ക്ക് കാലാവധി നീട്ടിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ(സാധാ) നം: 4039/2011/പൊ.വി.വ. തീയതി, തിരുവനന്തപുരം, 26/09 /2011.**

പരാമർശം: 1. 5/02/2009 ലെ ജി.ഒ(ആർ.റ്റി) നം.584/09/പൊ.വി.വ.
2. 26/9/2009 ലെ സ.ഉ.(സാധ) നം.4037/2009/പൊ.വി.വ.
3. 5/8/2010 ലെ സ.ഉ(സാധാ) നം.3521/2010/പൊ.വി.വ.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/7/2011 തീയതിയിലെ എം5/14740/2011/ഡി.പി.ഐ. നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ/എയിഡഡ് മേഖലയിൽ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന സ്കൂൾ കുട്ടികൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, ടെക്നിക്കൽ ഹൈസ്കൂൾ എന്നീ വിഭാഗം കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തി വരുന്ന സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി 14/8/2011 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി തുടരുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുകളിൽ മൂന്നാമതായി പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം മാരക രോഗം മൂലം മരണമടയുന്ന കുട്ടികളുടെ രക്ഷാകർത്താക്കൾക്ക് നല്കിയിരുന്ന ആനുകൂല്യം ഈ വർഷവും തുടരുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**കൃപാനന്ദൻ. കെ.ആർ.,**
**ഡെപ്യൂട്ടി സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹയർസെക്കണ്ടറി, തിരുവനന്തപുരം
ഡയറക്ടർ വൊക്കേഷണൽ ഹയർസെക്കണ്ടറി, തിരുവനന്തപുരം
ഡയറക്ടർ സാങ്കേതിക വിദ്യാഭ്യാസം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ് ) കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ആവശ്യമായ പ്രസിദ്ധീകരണം മാധ്യമങ്ങൾ വഴി നടത്തുന്നതിന്)
ഉന്നതവിദ്യാഭ്യാസ വകുപ്പിന്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ